# CLASS – XII

# SAMPLE QUESTIONS

# SUBJECT :

# PSYCHOLOGY

## UNIT - I

**C.O : 2**
**M.P : 4, 7**

QT : Suppose you are heading to your school to write your exam. Due to a bus strike you are held up. But some how you managed to write the exam. You were acting on a theory of intelligence proposed by J.P. Das and others to over come this difficult situation.

Name the theory and its different components by analysing the situation given above.

Score : 4
Time : 8 mts.

**Scoring Indicators** :

| | | |
|---|---|---|
| Naming the theory | : | 1 |
| Naming the components | : | 2 |
| Analysing the given situation based on the theory | : | 1 |

വാർഷിക പരീക്ഷാ ദിനത്തിൽ അപ്രതീക്ഷിതമായു ായ ബസ്സ് സമരം നിമിത്തം നിങ്ങൾക്കു സമയത്തിനു പരീക്ഷയ്ക്കെത്തിച്ചേരുവാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം സംജാതമായി എന്നു സങ്കൽപ്പിക്കുക. എന്നാൽ അവസരോചിതമായ പ്രവൃത്തികൊ ് കൃത്യസമയത്തു തന്നെ പരീക്ഷ ഹാളിൽ എത്തിച്ചേരുവാൻ നിങ്ങൾക്കു സാധിച്ചു.

നിങ്ങളുടെ ഈ പ്രവൃത്തിയെ J.P. ദാസിന്റെ ബൗദ്ധിക സിദ്ധാന്തം ഏതെന്നു കെ ത്തി വിശദീകരിക്കുക.

**C.O : 3**
**M.P : 1, 7**

QT : "Integral Intelligence" is the Indian view of Intelligence. Mahatma Gandhi is a typical example for a person with Integral Intelligence. According to the Indian view of Intelligence he holds the four competencies. List them and explain with reference to his life style.

Score : 4
Time : 8 mts.

**Scoring Indicators** :

| | | |
|---|---|---|
| What is integral intelligence | : | 1 |
| Naming four competencies | : | 2 |
| Explaining each competencies with reference to the life style of Gandhi | : | 1 |

"Integral Intelligence" എന്നതു ബുദ്ധിയെക്കുറിച്ചുള്ള ഭാരതീയ ദർശനത്തിന്റെ ആവിഷ്ക്കാരമാണ്. മഹാത്മാഗാന്ധി അതിനൊരുത്തമ ഉദാഹരണമാണ്. അദ്ദേഹത്തിന്റെ ജീവിത ശൈലി വിലയിരുത്തി Integral Intelligence ന്റെ വിവിധ ഘടകങ്ങൾ സമർത്ഥിക്കുക.

**C.O : 4**
**M.P : 4**

QT : The following are some short forms of Intelligence tests.

(1) WAIS
(2) WISC
(3) WPPSI

These tests are used for different age groups. Identify.

Score : 3
Time : 5 mts.

**Scoring Indicators** :

| | | |
|---|---|---|
| Adult | : | 1 |
| Children | : | 2 |
| Pre school & Primary | : | 1 |

ചില സംക്ഷിപ്ത രൂപങ്ങൾ താഴെ കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക.

(1) WAIS
(2) WISC
(3) WPPSI

മുകളിൽ കൊടുത്തിട്ടുള്ള Intelligence test കൾ വ്യത്യസ്ത പ്രായപരിധിയിൽപ്പെട്ടവരെ ഉദ്ദേശിച്ചിട്ടുള്ളവയാണ്. അവ ഓരോന്നും ഏതു പ്രായപരിധാക്കാരെ ഉദ്ദേശിച്ചിട്ടുള്ളവയാണെന്നു ക ത്തുക.

**C.O : 5**
**M.P : 4**

QT : Choose from the following the IQ which indicate the mentally challenged.

a. below 90
b. below 70
c. 70 – 79
d. below 80

Score : 1
Time : 2 mts.

**Scoring Indicator** :

Below 70 : 1

താഴെക്കൊടുത്തിരിയ്ക്കുന്നവയിൽ നിന്നും ബുദ്ധിമാന്ദ്യമുള്ള ഒരു വ്യക്തിയുടെ IQ Score ഏതെന്നു കെ ത്തുക.

a. 90 – ൽ താഴെ
b. 70 - ൽ താഴെ
c. 70 – 79 ഇടയ്ക്ക്
d. 80 - ൽ താഴെ

**C.O : 4**
**M.P : 4**

QT : Cheeran is an adivasi youth. "Moopan" says that he is having (moola) Budhi. Can you suggest a test which can measure his Intelligence. But mind that he is illiterate.

Score : 1
Time : 2 mts.

**Scoring Indicator** :

Non Verbal Test / RPM : 1

ചീരൻ ഒരു ആദിവാസി യുവാവാണ്. കാട്ടിലെ മൂപ്പന്റെ അഭിപ്രായ പ്രകാരം അയാൾ വളരെ ബുദ്ധിമാനാണ്. എങ്കിൽ ചീരന്റെ ബുദ്ധിയളക്കാൻ പര്യാപ്തമായ ഒരു Intelligence test നിർദ്ദേശിക്കുക. പക്ഷെ അയാളൊരു നിരക്ഷരനാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

**C.O : 5**
**M.P : 6**

QT : Rakhi a 12 years old girl is unable to manage her every day activities like others of her age group. The main areas of difficulties are self help skills, speech and academics. Identify and explain the condition of Rakhi and its causes.

Score : 6
Time : 15 mts.

**Scoring Indicator** :

Mentally challenged : 1
Explaining mentally Challenged : 3
Causes of mentally challenged : 2

12 വയസ്സുള്ള ഒരു പെൺകുട്ടിയാണ് രാഖി. എന്നാൽ അവൾക്ക് തന്റെ പ്രായത്തിനനുസരിച്ച് മറ്റുള്ളവരുമായി ഇടപഴകാനും പഠന പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാനും, എന്തിനധികം സ്വന്തം കാര്യങ്ങൾ ചെയ്യുന്നതിനുപോലും സാധിക്കുന്നില്ല. രാഖിയുടെ ഈ അവസ്ഥ കണ്ടെത്തി നിർവചിക്കുകയും, കാരണങ്ങൾ കണ്ടെത്തി വിശദമാക്കുക?

**C.O : 7**
**M.P : 1, 6**

QT : Military recruitment board use different types of tests to select suitable candidates. Suppose you are appointed as recruitment officer. Which type of test do you suggest to select the personnels. Justify?

Score : 3
Time : 5 mts.

**Scoring Indicator** :

| | | |
|---|---|---|
| Aptitude Test | : | 1 |
| Identify as ASVAB | : | ½ |
| Explaining | : | 1½ |

സൈനിക സേവനം നടത്തുന്നവർക്ക് ചില പ്രത്യേക കഴിവുകൾ ആവശ്യമാണ് ! സൈന്യത്തിലുള്ള ആളുകളെ തിരഞ്ഞെടുക്കാൻ പല തരത്തിലുള്ള ടെസ്റ്റുകൾ ഉപയോഗിക്കാറുണ്ട്. ഇത്തരം ആൾക്കാരെ തെരെഞ്ഞെടുക്കുവാനുള്ള ചുമതല നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നെന്നു കരുതുക? എങ്കിൽ ഇക്കൂട്ടരെ തിരഞ്ഞെടുക്കുന്നതിന് നിങ്ങൾ ഏതെല്ലാം തരത്തിലുള്ള ടെസ്റ്റുകളാണ് ഉപയോഗിക്കുകയെന്ന് കണ്ടെത്തി വിശദീകരിക്കുക?

**C.O : 7**
**M.P : 1, 3**

QT : Piek the odd one out.

a. DAT
b. GATB
c. ASVAB
d. WISC

Score : 1
Time : 2 mts.

**Scoring Indicator** :

WISC

താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്നും കൂട്ടത്തിൽപ്പെടാത്തതെടുത്തെഴുതുക?

a. DAT
b. GATB
c. ASVAB
d. WISC

**C.O : 2**
**M.P : 1, 5**

QT : I proposed a theory of Intelligence. This theory is based on the following principles.

1. It is not a single entity
2. These are independent of each other
3. They interact with each other

Who am I ?
Name the theory.

Score : 2
Time : 4 mts.

**<u>Scoring Indicator</u>** :

| | | |
|---|---|---|
| Howard Gardner | : | 1 |
| Multiple Intelligence theory | : | 1 |

ബുദ്ധിയെക്കുറിച്ചുള്ള ഒരു സിദ്ധാന്തം ഞാനാവിഷ്ക്കരിച്ചിട്ടു ്. അതിനെക്കുറിച്ചുള്ള ചില ആശയങ്ങൾ താഴെ വിവരിക്കുന്നു.

1. എന്റെ സിദ്ധാന്തപ്രകാരം ബുദ്ധിയെന്നത് ഏകകമല്ല.
2. ബുദ്ധിയുടെ ഓരോ ഘടകങ്ങളും വ്യത്യസ്തമാണ്.
3. എന്നാൽ ഈ ഘടകങ്ങൾ പരസ്പരം ഇടപഴകി പ്രവർത്തിക്കുന്നു.

എങ്കിൽ ഞാനാര്? എന്റെ സിദ്ധാന്തത്തിന്റെ പേരെന്ത്?

**C.O : 10**
**M.P : 4**

QT : Amal is an 18 year old boy and he prefer to be alone, tend to avoid communication with others and is found to be very shy in social situation. Identify the terminology for the above social personality characteristics?

Score : 1
Time : 2 mts.

**Scoring Indicator** :

a) Introvert

b) Extrovert

c) Ambient

d) Impulsive

18 വയസ്സുള്ള അമൽ എന്ന കുട്ടി എപ്പോഴും ഒറ്റയ്ക്കിരുക്കുവാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവരുമായി ആശയവിനിമയം നടത്തുവാൻ താല്പര്യപ്പെടുന്നില്ല. മറ്റുള്ളവരുടെ മുൻപിൽ നാണം കാരണം പ്രത്യക്ഷപ്പെടാൻ ആഗ്രഹിക്കുന്നില്ല. മേൽപ്പറഞ്ഞ വ്യക്തിത്വ പ്രത്യേകതകൾ ദ്യോതിപ്പിക്കുന്ന പദം തിരിച്ചറിഞ്ഞെഴുതുക?

**C.O : 10**
**M.P : 1, 4**

Question Text :

Read the following statements Carefully.

1. The new born baby is completely dependent on mother and attains pleasure through mouth region during this period.

2. Child's attachment towards opposite sex parent is very crucial.

3. Inappropriate parenting style such as harsh, repressive type of toilet training influence personality development.

4. The person attains maturity in Psycho sexual development.

5. The stage in which the child shows very little overt concern for sexuality.

Identify the above stages of Psychosexual development and justify your answer.

**Scoring Indicator** :

| | | |
|---|---|---|
| Identifying each stages of | : | ½ x 5 = 1½ |
| Psychosexual development | : | |
| Justifying the anaswer | | 2½ |

Score : 5

Time : 10 mts.

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വായിക്കുക.

1. നവജാതശിശു പരിപൂർണ്ണമായും അമ്മയെ ആശ്രയിച്ചു ജീവിക്കുന്നു. ഇക്കാല ഘട്ടത്തിൽ സന്തോഷം ലഭിക്കുന്നത് 'വായ' കേന്ദ്രീകരിച്ചുള്ള പ്രവർത്തികളിലൂടെയാണ്.

2. ആൺകുട്ടിയ്ക്ക് അമ്മയോടും, പെൺകുട്ടിയ്ക്കു അച്ഛനോടും അമിതമായ ആകർഷണം തോന്നുന്നു.

3. ടോയ്‌ലെറ്റ് ട്രെയിനിംഗ് തുടങ്ങിയ സാമൂഹിക ശീലങ്ങൾ തെറ്റായ രീതിയിൽ കുട്ടികളെ പരിശീലിപ്പിക്കുന്നത് ഭാവി വ്യക്തിത്വ രൂപീകരണത്തെ ദോഷകര മായി ബാധിക്കുന്നു.

4. സൈക്കോ സെക്ഷ്വൽ ഡവലപ്പ്മെന്റിലൂടെ കുട്ടി പക്വത ആർജ്ജിക്കുന്നു.

5. ഈ ഘട്ടത്തിൽ കുട്ടിയുടെ താല്പര്യങ്ങൾ വൈവിധ്യമാർന്ന മേഖലകളി ലേക്കു തിരിയുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വ്യത്യസ്ത സൈക്കോ സെക്ഷ്വൽ സ്റ്റേജുകളെ സൂചിപ്പിക്കുന്നവയാണ്. അവ ഓരോന്നും ക ത്തി നിങ്ങ ളുടെ ഉത്തരം ന്യായീകരിക്കുക?

**C.O : 12**
**M.P : 1, 2, 3**

Question Text :

While attending an interview, the interviewer asked you to write about yourself. Apart from this, there are many methods in which we can assess personality. Explain?

**<u>Scoring Indicator</u>** :

| | | |
|---|---|---|
| Identification of different personality assessment | : | 2 |
| Explanation | : | 4 |

Score : 6
Time : 15 mts.

ജോലിയ്ക്കായി നിങ്ങൾ ഒരു ഇന്റർവ്യൂവിൽ പങ്കെടുക്കുമ്പോൾ നിങ്ങളെക്കു റിച്ച് ഒരു കുറിപ്പെഴുതാൻ അവർ ആവശ്യപ്പെട്ടു. നിങ്ങളുടെ വ്യക്തിത്വത്തെ അളക്കു വാനാണ് അവർ ഇതിലൂടെ ലക്ഷ്യമിട്ടത്. മറ്റ് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ നിങ്ങ ളുടെ വ്യക്തിത്വത്തെ അളക്കുവാൻ സാധിക്കും. വിശദമാക്കുക?

**C.O : 12**
**M.P : 1, 2, 3**

Question Text :

A Psychologist analysed a case by taking case history through an interview. Then he administered a test in which the patient is asked to write stories on the cards shown. After that the patient is given a 'Questionnaire' to fill up.

Here the Psychologist used different types of assessment techniques. Identify the Projective technique used by the Psychologist. Justify you answer.

**Scoring Indicator** :

| | | |
|---|---|---|
| Identify the Projective technique | : | 1 |
| Naming the test as TAT | : | 1 |
| Justification of answer | : | 1 |

Score : 3
Time : 5 mts.

ഇന്റർവ്യൂ എന്ന സങ്കേതം ഉപയോഗിച്ച് ഒരു മന:ശാസ്ത്രജ്ഞൻ case history എടുക്കുകയായിരുന്നു. തുടർന്ന് ചില ചിത്രങ്ങൾ അടങ്ങിയ കാർഡു കാണിച്ച് അതിലെ ദൃശ്യങ്ങളെ ആസ്പദമാക്കി കഥകൾ രചിക്കുവാനും ആവശ്യപ്പെട്ടു. കൂടാതെ ഒരു ചോദ്യാവലിയും പൂരിപ്പിച്ച് വാങ്ങുകയു ായി. മുകളിൽ ഉപയോഗിക്കപ്പെട്ട ടെസ്റ്റുകളിൽ നിന്നും മനശാസ്ത്രജ്ഞൻ ഉപയോഗിച്ച 'Projective Technique' ഏതാണെന്നു ക െത്തി ന്യായീകരിക്കുക.

**C.O : 10**
**M.P : 4**

Question Text :

According to a Psychologist, 'a gap between self concept and reality is the main cause of maladjustment. Name the theory and substantiate your answer.

**Scoring Indicator** :

| | | |
|---|---|---|
| Identifying Roger's self theory | : | 1 |
| Explanation of theoretical aspect | : | 2 |

Score : 3
Time : 5 mts.

ആത്മബോധവും, യാഥാർത്ഥ്യവും തമ്മിലുള്ള വിടവ് ജീവിത സാഹചര്യവുമായി പൊരുത്തപ്പെട്ടു പോകുന്നതിന് പ്രതികൂലമാണ്. ഈ ആശയം ഏതു

സൈക്കോളജിസ്റ്റിന്റേതാണ്. അദ്ദേഹത്തിന്റെ സിദ്ധാന്തം തിരിച്ചറിഞ്ഞ് ഉത്തരം സമർത്ഥിക്കുക.

**C.O : 16**
**M.P : 7**

Question Text :

Analyse the following situation faced by a XII standard student:

1. Coming to school in time as a response to orders from school authority.
2. Going to watch a movie as a response to a request from friends.
3. Deciding to buy a new brand jeans to match with his friends.

Identify conformity, obedience and compliance from the above situations.

**Scoring Indicator** :

| | | | |
|---|---|---|---|
| 1. | Obedience | : | 1 |
| 2. | Compliance | : | 1 |
| 3. | Conformity | : | 1 |

Score : 3
Time : 5 mts.

ഒരു XII-ാം ക്ലാസ്സ് വിദ്യാർത്ഥി അഭിമുഖീകരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വിശകലനം ചെയ്യുക.

1. സ്കൂൾ അധികാരികളുടെ നിർദ്ദേശ പ്രകാരം സ്കൂളിൽ കൃത്യസമയത്ത് എത്തുന്നു.
2. സുഹൃത്തിന്റെ അഭ്യർത്ഥന പ്രകാരം സിനിമ കാണാൻ പോകുന്നു.
3. കൂട്ടുകാരുമായി പൊരുത്തപ്പെടുന്നതിനുവേ ി ഒരു പുതിയ ബ്രാൻഡ് ജീൻസ് വാങ്ങുവാൻ തീരുമാനിക്കുന്നു.

മുകളിൽ കൊടുത്തിട്ടുള്ള പ്രസ്താവനകളെ കൺഫോർമിറ്റി, ഒബീഡിയൻസ്, കംപ്ലയൻസ് എന്നിവ ഏതാണെന്ന് ക ത്തുക:

**C.O :**
**M.P :**

Question Text :

When we consider different styles of leadership, we find leader and group members are two parties. But in certain styles of leadership the identity of the group members changes in to that of "followers". Identify such leadership styles and substantiate your answer.

**<u>Scoring Indicator</u>** :

| | | |
|---|---|---|
| Identify the styles of leadership | | |
| Charismatic & Transformational | : | 2 |
| Substantiating the answer | : | 1 |

Score : 3
Time : 5 mts.

വിവിധ നേതൃത്വ ശൈലികൾ പരിശോധിക്കുമ്പോൾ ഗ്രൂപ്പ് നേതാക്കൾ എന്നും അംഗങ്ങൾ എന്നും ര ു വിഭാഗങ്ങൾ കാണുവാൻ കഴിയും. എന്നാൽ ചില പ്രത്യേക ഗ്രൂപ്പുകൾ പരിഗണിക്കുമ്പോൾ അവയിൽ അംഗങ്ങൾ നേതാവിന്റെ അനുയായികളായി മാറ്റപ്പെടുന്നതു കാണാവുന്നതാണ്. അത്തരം ഗ്രൂപ്പുകളെ നയിക്കുന്ന നേതൃശൈലികൾ ഏതെന്നു കെ ത്തി ഉത്തരം സമർത്ഥിക്കുക.

**C.O : 18**
**M.P : 4, 10**

## Question Text :

You have studied about famous leaders such as Hitler, Mahatma Gandhi, Nehru, Sree Narayana Guru etc. Can you identify the differences in their leadership and justify the answer using different styles of leadership

**<u>Scoring Indicator</u>** :

| | | |
|---|---|---|
| Identifying the leadership styles | : | 2 |
| Explaining the different leadership styles | : | 3 |
| Justify | : | 1 |

Score : 6
Time : 15 mts.

ഹിറ്റ്ലർ, മഹാത്മാഗാന്ധി, നെഹ്റു, നാരായണഗുരു മുതലായ നേതാക്കളെക്കുറിച്ച് നിങ്ങൾ പഠിച്ചിട്ടു ല്ലോ. നിങ്ങൾ അവരുടെ വ്യത്യസ്ത നേതൃത്വ ശൈലികളെ തിരിച്ചറിഞ്ഞ് വിശദീകരിക്കുക?

**C.O : 15**
**M.P : 10**

## Question Text :

On the 'cleaning day' in your school, when you are asked to clean your class room and surroundings in groups, one of your friends pretended to be cleaning. In Psychology, this behaviour condition is termed as:

**Scoring Indicator** :

Social Loafing : 1

Score : 1
Time : 2 mts.

ശുചീകരണ ദിനത്തിന്റെ ഭാഗമായി നിങ്ങളുടെ ക്ലാസ്സ് റൂമും, പരിസരവും വൃത്തിയാക്കുമ്പോൾ നിങ്ങളുടെ സുഹൃത്ത് ശുചീകരണ പ്രവൃത്തികളിൽ പങ്കെടുക്കുന്നതായി ഭാവിച്ചു. മന:ശാസ്ത്രത്തിൽ ഈ പ്രതികരണത്തിനു പറയുന്ന പേരെന്ത്?

**C.O :**
**M.P :**

## Question Text :

"In family there is a close interpersonal relationship among the members".

This is a true statement. Suggest another true statement from the topic 'types of group;. Also justify your statement.

**Scoring Indicator** :

| | | |
|---|---|---|
| Formation of true statement | : | 1 |
| Justification | : | 2 |

Score : 3
Time : 5 mts.

''കുടുംബാംഗങ്ങൾക്കിടയിൽ വ്യക്തിബന്ധങ്ങൾ വളരെ ദൃഢമാണ്''. ഇതു ശരിയായ പ്രസ്തവനയാണ്.

''ടൈപ്പ് ഓഫ് ഗ്രൂപ്പ്'' എന്ന പാഠഭാഗത്തു നിന്ന് മറ്റൊരു ശരിയായ പ്രസ്താവന നിർദ്ദേശിച്ചു. സമർത്ഥിക്കുക?

**C.O : 19**
**M.P : 4, 10**

## Question Text :

As a part of nature club activity, in your school, it is decided to conduct 'green environment movement'. Following are some responses related to green environment movement campaign. Analyse the following responses and identify Affective, Behavioral and Cognitive components of attitude.

(i) Based on sufficient information about the environment your view toward 'green environment is positive'.

(ii) You feel happy when you see greenery.

(iii) As a member of club, you actively participate in the tree plantation campaign.

**Scoring Indicator** :

| | | | | |
|---|---|---|---|---|
| Cognitive | : | Your view towards 'green environment is positive' | : | 1 |
| Affective | : | Feel happy when you see greenery | : | 1 |
| Behavioral | : | Actively participate in the tree plantation campaign | : | 1 |

Score : 3
Time : 5 mts.

നേച്ചർ ക്ലബ്ബ് കാമ്പയ്ന്റിന്റെ ഭാഗമായി നിങ്ങളുടെ സ്കൂളിൽ ഗ്രീൻ എൻവയോൺമെന്റ് മൂവ്മെന്റ് നടത്താൻ തീരുമാനിച്ചു. അതിനോടനുബന്ധിച്ച് ചില പ്രതികരണങ്ങൾ താഴെ കൊടുക്കുന്നു. അവ വിലയിരുത്തി മനോഭാവത്തിന്റെ മൂന്ന് ഘടകങ്ങൾ കെ ത്തുക.

(1) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുകൂലമായ മനോഭാവമാണ് നിങ്ങൾക്ക് ഹരിതാഭമായ പ്രകൃതിയോടുള്ളത്.

(2) ഹരിതാഭമായ പ്രകൃതി കാണുമ്പോൾ നിങ്ങൾക്ക് സന്തോഷം തോന്നാറു ്.

(3) ക്ലബ് മെമ്പർ എന്ന നിലയിൽ മരം വെച്ചു പിടിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ നിങ്ങൾ സജീവമായി പങ്കെടുക്കാറു ്.

**C.O : 20**
**M.P : 3, 6, 10**

Question Text :

Raju and Ramesh are friends. Both are having negative attitude towards dowry system. Raju married Anusha without any dowry. While Ramesh demanded dowry for his marriage. Analyse the attitude and behavior in the above context and justify your answer.

**Scoring Indicator** :

Proper analysis of the statement:

- ❖ Identifying Raju's attitude and behaviour are related : 1
- ❖ Identifying Ramesh's attitude and behaviour are not related : 1

Justifying the answer : 1

Score : 3
Time : 5 mts.

സുഹൃത്തുക്കളായ രാജുവിനും, രമേഷിനും സ്ത്രീധനം വാങ്ങിയുള്ള വിവാഹത്തോട് നെഗറ്റീവായ സമീപനമാണ്. സ്ത്രീധനം വാങ്ങിക്കാതെയാണ് രാജു അനുഷയെ വിവാഹം കഴിച്ചത്. എന്നാൽ രമേഷ് തന്റെ വിവാഹത്തിന് സ്ത്രീധനം വേണമെന്ന് നിർബന്ധം പിടിച്ചു. മുകളിൽ കൊടുത്തിട്ടുള്ള സന്ദർഭം വിലയിരുത്തി ഇരുവരുടേയും മനോഭാവവും, പെരുമാറ്റവും തമ്മിലുള്ള ബന്ധം ക     ത്തി ന്യായീകരിക്കുക?

**C.O : 21**
**M.P : 1**

Question Text :

When children develop negative attitude towards beggars. Most often, they learn this kind of attitude from their parents. Name the learning Principle caused the formation of attitude?

**<u>Scoring Indicator</u>** :

Observation learning : 1

Score : 1
Time : 2 mts.

മാതാപിതാക്കളിൽ നിന്നാണ് കുട്ടികൾ പലപ്പോഴും ഭിക്ഷക്കാരോട് നെഗറ്റീവ് മനോഭാവം വളർത്താറുള്ളത്. ഏത് പഠന സിദ്ധാന്തം വഴിയാണ് കുട്ടികളിൽ ഇത്തരം മനോഭാവം രൂപാന്തരപ്പെടാൻ സഹായിക്കുന്നത്?

**C.O : 23**
**M.P : 2, 6, 7**

Question Text :

Akshay is a 11 year old boy studying in V[th] standard. He is deliberately given T.C. from school authorities. It is done because his parents are diagnosed as HIV positive. Do you think that the action taken by school authorities is justifiable? Suggest some strategies to overcome this kind of biased attitude:

**<u>Scoring Indicator</u>** :

Identifying this as prejudice : 1
Strategies to overcome prejudice : 2
Connecting these strategies to the present situation : 1

Score : 5
Time : 8 mts.

അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന അക്ഷയിനെ സ്കൂളിൽ നിന്ന് നിർബന്ധമായി T.C. കൊടുത്ത് വിടാൻ സ്കൂൾ അധികാരികൾ തീരുമാനിച്ചു. അക്ഷയിന്റെ രക്ഷിതാക്കൾ HIV പോസിറ്റീവ് ആയതു കൊ ാണ് ഇങ്ങനെ തീരുമാനിച്ചത്. സ്കൂൾ അധികാരകളുടെ നടപടിയോട് നിങ്ങൾ യോജിക്കുന്നുേ ാ? ന്യായീകരിക്കുക?

ഇത്തരത്തിലുള്ള പക്ഷപാതപരമായ മനോഭാവത്തെ മറികടക്കുന്നതിനു വേ ിയുള്ള നടപടികൾ നിർദ്ദേശിക്കുക?

**C.O : 19**
**M.P : 1, 4**

Question Text :

You are a member of a political party and actively participates in all its activities. You strongly believe in the ideology of the party. You also feels good, when your party undertakes certain charity works.

Analyse the above situation and identify the three components of attitude and substantiate your answer.

**<u>Scoring Indicator</u>** :

| | | |
|---|---|---|
| Identifying 3 components of attitude | : | 3 |
| Substantiating the answer | : | 2 |
| | | Score : 5 |
| | | Time : 10 mts. |

നിങ്ങൾ ഒരു രാഷ്ട്രീയ പാർട്ടയിൽ അംഗവും അതിലെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന വ്യക്തിയാണ്. നിങ്ങൾ ആ പാർട്ടിയുടെ നയങ്ങളിൽ വിശ്വസിക്കുന്ന ആളാണ്. നിങ്ങളുടെ പാർട്ടി സാമൂഹിക പ്രവർത്തികൾ ചെയ്യുന്നത് നിങ്ങളെ സന്തോഷിപ്പിക്കാറു ്.

മുകളിൽ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ നിന്ന് മനോഭാവത്തിന്റെ മൂന്ന് ഘടകങ്ങൾ ക െത്തി സമർത്ഥിക്കുക?

**C.O : 19**
**M.P : 1, 4**

Question Text :

Analyse the following statements:

(1) One day when you came late, mother got angry.
(2) Indians are hard working

Identify the statement which reflects an attitude.

**<u>Scoring Indicator</u>** :

Indians are hard working : 1

Score : 1
Time : 2 mts.

താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക.

(1) വീട്ടിൽ വൈകി വന്ന ഒരു ദിവസം പതിവില്ലാതെ അമ്മ ദേഷ്യപ്പെട്ടു.
(2) ഭാരതീയർ കഠിനാദ്ധ്വാനികളാണ്.

ഇതിൽ മനോഭാവത്തിനെ സൂചിപ്പിക്കുന്ന പ്രസ്താവന ക ത്തുക.

**C.O : 21**
**M.P : 2, 7, 10**

## Question Text :

Today we are bombarded with thousands of advertisements. Do you think that TV advertisements are meant to change our attitude? Substantiate your answer with suitable examples?

**Scoring Indicator** :

| | | |
|---|---|---|
| Yes / No<br>Justification of answer | : | 1 |
| Factors of attitude change | : | |
| Characteristics of attitude | : | 1½ |
| Communication factors | : | 1½ |
| Suitability of examples | : | 1 |

Score : 5
Time : 10 mts.

ആയിരക്കണക്കിനു പരസ്യങ്ങളുടെ വിസ്ഫോടനങ്ങളുടെ നടുവിലാണ് നാം ജീവിക്കുന്നത്. ഇത്തരം പരസ്യങ്ങൾ നിങ്ങളുടെ മനോഭാവത്തെ സ്വാധീനിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയാണോ? ഉദാഹരണസഹിതം സമർത്ഥിക്കുക?

**C.O : 27**
**M.P : 3, 6, 7**

## Question Text :

Some statements about stress and coping are given below:

1. Generally students who face examination feel stress.
2. Optimum amount of stress helps for better performance.

3. Optimum level of stress is the major factor that determine our success.

Identify fact, opinion and argument from the above statements:

**Scoring Indicator** :

| | | | |
|---|---|---|---|
| 1. | Opinion | : | 1 |
| 2. | Fact | : | 1 |
| 3. | Argument | : | 1 |

Score : 3
Time : 5 mts.

സമ്മർദ്ദത്തോടും, അതിനോടുള്ള പൊരുത്തപ്പെടലിനോടും അനുബന്ധിച്ചുള്ള ചില പ്രസ്താവനകൾ താഴെ കൊടുക്കുന്നു. അവ വിശകലനം ചെയ്ത് അവയിലെ യാഥാർത്ഥ്യം (fact), അഭിപ്രായം (opinion), വാദം (argument) എന്നിവ കണ്ടെത്തുക?

1. സാധാരണയായി പരീക്ഷയ്ക്ക് തയ്യാറെക്കുന്ന കുട്ടികൾക്ക് സമ്മർദ്ദം ഉണ്ടാകാറുണ്ട്.
2. ഒരു നിശ്ചിത തോത് സമ്മർദ്ദം മികച്ച പ്രകടനത്തിന് സഹായകമാണ്.
3. ഒരു നിശ്ചിത തോത് സമ്മർദ്ദം വിജയത്തെ തീരുമാനിക്കുന്ന ഒരു പ്രധാന ഘടകമാണ്.

**C.O : 26**
**M.P : 6, 7**

Question Text :

I met with an accident while riding my bike. Now, analyse the following conditions:

1. Due to lack of sufficient documents like license, R.C. Book, etc. I tried to compromise.

2. Though I have proper documents and the fault was from the other side, I controlled my emotions and withdraw from arguments.

3. When my friend asked about the accident I attribute the cause of accident as the fault of other person.

Identify the coping strategies in the above conditions.

**Scoring Indicator** :

| | | | |
|---|---|---|---|
| 1. | Task-oriented coping | : | 1 |
| 2. | Emotion – focused coping | : | 1 |
| 3. | Ego-defensive coping | : | 1 |

Score : 3
Time : 5 mts.

ബൈക്ക് ഓടിക്കുന്ന സമയത്ത് എനിക്ക് പറ്റിയ ആക്സിഡന്റിനോടനുബന്ധിച്ച് ചില പ്രസ്താവനകൾ താഴെ കൊടുക്കുന്നു.

1. മതിയായ രേഖകൾ ഇല്ലാത്തതിനാൽ ഞാൻ അനുരഞ്ജനത്തിനു ശ്രമിക്കും.
2. തെറ്റ് മറുഭാഗത്തായിട്ടും, മതിയായ രേഖകൾ എന്റെ കൈയ്യിലു ായിട്ടും ഞാൻ എന്റെ വൈകാരികത നിയന്ത്രിച്ച്, വാദഗതികളിൽ നിന്നും ഒഴിവായി.
3. എന്റെ സുഹൃത്ത് ആക്സിഡന്റിനെപറ്റി ചോദിച്ചപ്പോൾ അതിനു കാരണം മറ്റേ വ്യക്തിയിൽ ആരോപിച്ചു.

മുകളിൽ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ഉപയോഗിച്ചിരിക്കുന്ന കോപ്പിങ്ങ് സ്ട്രാറ്റജികൾ ഏതാണ്?

**C.O : 25**
**M.P : 2, 5**

Question Text :

"When the bell rang for the examination, suddenly you felt a blak-out for a moment". This is an example for a stressful situation. Suggest some similar situations (at least two) that evoke stress.

**<u>Scoring Indicator</u>** :

Suggesting stressful life situation : 2
(minimum 2)

Score : 2
Time : 5 mts.

പരീക്ഷ മണിനാദം പെട്ടെന്നു ശ്രവിക്കുമ്പോൾ താത്കാലികമായി നിങ്ങളുടെ മനസ്സിൽ ഒരു ശൂന്യത അനുഭവപ്പെടുന്നു. ഇത് സമ്മർദ്ദ'ത്തിന്റെ കൃത്യമായ ലക്ഷണമാണ്. സമ്മർദ്ദം ജനിപ്പിക്കുന്ന തത്തുല്യമായ ഏതാനും അവസരങ്ങൾ രേഖപ്പെടുത്തുക.

**C.O : 25**
**M.P : 2, 4, 10**

Question Text :

Analyse the following life events:

1. Death of a close family member.
2. Change in eating habits.
3. Illness of a family member
4. Accident occurred in the family

5. Appearing for examinations
6. Break – up with a friend.

Rearrange these life events from least stressful to most stressful situations in your life. Justify you arrangements.

**Scoring Indicator** :

| | | |
|---|---|---|
| Order of arrangement (2, 6, 5, 3, 4, 1) | : | 1½ |
| Justifying arrangement | : | 1½ |

Score : 3
Time : 5 mts.

താഴെ കൊടുത്തിരിക്കുന്ന ജീവിത സന്ദർഭങ്ങൾ വിശകലനം ചെയ്യുക.

1. അടുപ്പമുള്ള കുടുംബ ബന്ധുവിന്റെ മരണം
2. ഭക്ഷണക്രമത്തിലുള്ള മാറ്റം
3. കുടുംബാംഗത്തിന്റെ അസുഖാവസ്ഥ
4. കുടുംബത്തിൽ അപകടം സംഭവിക്കുക
5. പരീക്ഷയെ അഭിമുഖീകരിക്കുക
6. കൂട്ടുകാരനുമായി പിണങ്ങിപ്പിരിയുക.

മുകളിൽ കൊടുത്തിരിക്കുന്ന സന്ദർഭങ്ങളെ സമ്മർദ്ദത്തിന്റെ തീവ്രതയുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുകയും അതിനെ സാധൂകരിക്കുകയും ചെയ്യുക.

**C.O : 25**
**M.P : 2, 6**

Question Text :

Babu is a XII standard student. He is average in his studies. His parents are separated. Every morning and evening he is doing a part time job to support his family. One day he was teased by the class teacher for not completing home work in front of his classmates. On the same day his house was collapsed in the heavy rain.

Identify different types of stresses experienced by Babu.

**Scoring Indicator** :

Proper Identification of different types of stress:

| | | | |
|---|---|---|---|
| 1. | Environmental | : | house collapsed in heavy rain |
| 2. | Social | : | Separation of parents |
| 3. | Psychological | : | Teased by class teacher in front of |

classmates

Score : 3
Time : 5 mts.

ബാബു ഒരു +2 വിദ്യാർത്ഥിയാണ്. അവൻ പഠനത്തിൽ ശരാശരിക്കാരനാണ്. പഠനത്തോടൊപ്പം സ്വന്തം കുടുംബത്തെ സാമ്പത്തികമായി സഹായിക്കാനായി അവൻ ജോലിക്കു പോകാറു ്. ഗൃഹപാഠം ചെയ്തില്ല എന്ന ഒറ്റക്കാരണം കൊ ് അവന്റെ അധ്യാപകൻ ക്ലാസ്സിൽ വച്ച് പരസ്യമായി അവനെ കളിയാക്കുകയു ായി. അതേ ദിവസം തന്നെ അവന്റെ ഭവനം പേമാരിയിൽ തകർന്നു.

ബാബു തന്റെ ജീവിതത്തിൽ അനുഭവിച്ച വിവിധ ''സമ്മർദ്ദ''ങ്ങളെ തിരിച്ചറിയുക.

**C.O : 26**
**M.P : 2, 7**

Question Text :

"Task oriented coping aims at realistic coping with the adjustive demands. They tend to be based on an objective assessment of the stress situation and on a deliberate, logical and constructive cause of action"

Suggest two life examples of task oriented coping styles.

**<u>Scoring Indicator</u>** :

Suggesting different life examples : 2

Score : 2
Time : 4 mts.

'ടാസ്ക് ഓറിയന്റഡ് കോപിംഗ്' നടത്തുന്ന ഒരു വ്യക്തി യഥാർത്ഥ്യ ബോധത്തോടെ പ്രശ്നങ്ങളെ വിലയിരുത്തി നല്ല വണ്ണം ചിന്തിച്ച് സമ്മർദ്ദങ്ങളെ അഭിമുഖീകരിക്കുന്നു.

ടാസ്ക് ഓറിയന്റഡ് കോപിംഗിന് ര ് ഉദാഹരണങ്ങൾ എഴുതുക.

**C.O : 22, 29**
**M.P : 6, 7**

Question Text :

Which among the following is an example for prejudice.

(a) Abnormality is a deviation from Normality
(b) Some Abnormal Person cannot adjust socially.
(c) Generally abnormal persons are violent
(d) All Abnormal persons are not physically strong.
Justify your answer?

**Scoring Indicator** :

| | | |
|---|---|---|
| Identification | : | 1 |
| Justification | : | 1 |

Score : 2
Time : 4 mts.

താഴെകൊടുത്തിരിക്കുന്നവയിൽ നിന്നും 'മുൻവിധിക്കു' ഉദാഹരണം കെ ത്തുക.

(1) നോർമാലിറ്റിയിൽ നിന്നുമുള്ള വ്യതിയാനമാണ് അബ്നോർമാലിറ്റി.
(2) ചില മാനസിക രോഗികൾക്ക് സമൂഹവുമായി പൊരുത്തപ്പെട്ടു പോകുന്നതിന് സാധ്യമല്ല.
(3) മാനസിക രോഗികൾ പൊതുവെ അക്രമാസക്തരാണ്.
(4) എല്ലാ മാനസിക രോഗികളും കായികബലമുള്ളവരല്ല. ഉത്തരം ന്യായീകരിക്കുക.

**C.O : 32**
**M.P : 4**

Question Text :

Analyse the following life situation.

(a) Rema feels nervousness while getting into the bus.
(b) She has difficulty in attending the conversation with her friends.
(c) She usually have over sweating and dryness of throat while seeing a Policeman.

Identify the disorder and justify the answer.

**Scoring Indicator** :

| | | |
|---|---|---|
| Identification of Generalised Anxiety disorder | : | 1 |
| Justification | : | 2 |

Score : 3
Time : 5 mts.

താഴെപ്പറയുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്യുക.

(1) ബസ്സിൽ കയറുമ്പോൾ അകാരണമായി രമയ്ക്ക് പരിഭ്രമമു ാകുന്നു.
(2) കുട്ടുകാരുമായി സംഭാഷണത്തിലേർപ്പെടുമ്പോൾ അവൾക്കു ബുദ്ധിമുട്ടനുഭവപ്പെടുന്നു.
(3) പോലീസുകാരെ കാണുമ്പോൾ അകാരണമായി അവൾക്ക് വിയർപ്പനുഭവപ്പെടുകയും, തൊ വരളുകയും ചെയ്യുന്നു.

ഇതു ഏതു രോഗമാണെന്നു കണ്ടെത്തുകയും ഉത്തരം ന്യായീകരിക്കുകയും ചെയ്യുക.

**C.O : 32**
**M.P : 7**

Question Text :

Raghav is a 16 year old boy. He was good in studies, but now his academic performance is poor. For the last few months he complaints that he is having unpleasant unwanted thoughts about cleanliness. He is not able to control these thoughts. Recently he feels compelled to perform certain acts like frequent hand washing behaviour. Identify the psychological disorder.

**<u>Scoring Indicator</u>** :

Obsessive compulsive disorder : 2

Score : 1
Time : 2 mts.

16 വയസ്സുകാരനാണ് രാഘവ്. അവൻ പഠനത്തിൽ മിടുക്കനായിരുന്നു, പക്ഷെ സമീപ കാലത്തായിട്ട് അവന്റെ വിദ്യാഭ്യാസ നിലവാരം മോശമാണ്. ഏതാനും മാസങ്ങളായിട്ട് വൃത്തിയെക്കുറിച്ച് നിരന്തരമായതും, അസ്വസ്ഥതയുണ്ടാക്കുന്നതുമായ വിചാരങ്ങൾ അവനെ വേട്ടയാടുന്നതായി പരാതിപ്പെടുന്നു. അവന് ഈ വിചാരങ്ങളെ നിയന്ത്രിക്കാനും സാധിക്കുന്നില്ല. ഈയ്യിടെയായി നിരന്തരമായും നിർബന്ധമായും കൈ കഴുകാതിരിക്കുവാനും അവനാകുന്നില്ല. ഇതിൽ നിന്ന് രാഘവന്റെ മാനസിക രോഗമേതെന്ന് തിരിച്ചറിയുക.

**C.O : 32**
**M.P : 7**

Question Text :

Seetha is a 16 year old girl. She is average in her studies. Occasionally she shows sudden terror attacks in class room. During these episodes she shows increased palpitation, respiration, trembling sweating etc.. After a while these symptoms subside Identify the psychological disorder.

**<u>Scoring Indicator</u>** :

Panic disorder : 2

Score : 1
Time : 2 mts.

16 വയസുകാരിയാണ് സീത. അവൾ പഠനത്തിൽ ശരാശരിയാണ്. ചില സമയങ്ങളിൽ അവൾ ക്ലാസ്സിൽ വികാര വിക്ഷോഭം പ്രകടിപ്പിക്കാറുണ്ട്. കിതയ്ക്കുക, വിയർക്കുക, ശ്വാസഗതി വേഗത്തിലാവുക തുടങ്ങിയ ലക്ഷണങ്ങളും പ്രകടിപ്പി

ക്കുന്നു. അല്പ സമയത്തിനു ശേഷം ഈ ലക്ഷണങ്ങൾ അപ്രത്യക്ഷമാവുകയു ചെയ്യുന്നു. ഇത് ഏത് മാനസികരോഗത്തിന്റെ ലക്ഷണമാണ് എന്ന് ക  ത്തുക?

**C.O : 32**
**M.P : 3, 7**

Question Text :

Following are some behavioural disorders:

Separation Anxiety Disorder
Mental Retardation
Eating Disorder
Functional Enuresis

Identify the disorder in which the patient has significantly below average intellectual capacity from the above list.

**<u>Scoring Indicator</u>** :

Mental retardation : 1

